35-ാം ദിവസം

# ആത്മീയചിന്ത ശകലങ്ങൾ

കൂനിയായ സ്ത്രീ എങ്ങനെ യേശുവിന്റെ അടുത്ത് എത്തി, തന്റെ ശാപങ്ങൾ പോക്കി അനുഗ്രഹങ്ങൾ ഏററുവാങ്ങി. കർത്താവിന്റെ നീക്കങ്ങളും വാക്കുകളും വളരെയധികം ആ സ്ത്രീ ശ്രദ്ധിച്ചിരുന്നു. ശരീരത്തിന് കൂനുകൾ ഇല്ലാത്ത നാം ആരാധനയിങ്കൽ എത്രമാത്രം ശ്രദ്ധയുള്ളവളാണ്. താമസിച്ചു എത്തുന്ന നാം ആരാധനസ്ഥലത്തു നിന്നും എത്രയും വേഗം ഭവനത്തിലെത്തുവാൻ ആഗ്രഹിക്കുന്ന നാം എത്രയധികം തിരക്കാണ് കാണിക്കുന്നത്. ആരാധനയിൽ ആദ്യഅവസാനം ശാന്തമായി, ഭക്തിപൂർവ്വം പങ്കെടുത്ത്, കർത്താവിൽ നിന്ന് അനുഗ്രഹങ്ങൾ വാങ്ങി, കർത്താവിന്റെ ശബ്ദം കേട്ട്, കർത്താവിന്റെ സ്പർശനം അനുഭവിച്ചറിഞ്ഞ് ആത്മീയസൗഖ്യം പ്രാപിച്ചു മാത്രമേ തിരികെ ഭവനത്തിൽ എത്തിച്ചേരാവൂ. കൂനിയ്ക്കു യാതൊരു തിരക്കുമില്ലായിരുന്നു. തിക്കും തിരക്കുമൊന്നുമില്ലാതെ ആരാധനയിൽ പങ്കെടുത്ത്, തന്റെ ശാപത്തിന്റെ കെട്ടുകൾ എല്ലാം അഴിച്ചു, അനുഗ്രഹങ്ങൾ ഏററുവാങ്ങുവാൻ കർത്താവിന്റെ മുമ്പിൽ അവളെ എത്തിച്ചത് ഉത്സാഹത്തോടുള്ള നിരന്തരമായ യാചനയും ആരാധനയുമാണ്. ഈ കൂനിയുടെ സൗഖ്യത്തിൽ അവൾക്ക് ലഭിച്ച ആത്മീയസന്തോഷം നമ്മുടെ അനുഭവം ആകുന്നതിനും ദൈവത്തെ നിത്യവും ആരാധിക്കുന്നതിനും പരിശുദ്ധാത്മാവ് നമ്മെ വഴി നടത്തട്ടെ. ദൈവംതമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

പ്രാർത്ഥനയോടെ,
ബിജോയ് ശാമുവേൽ അബുദാബി

Deut. 30:1-7; Psalms 78:1-22; Proverbs 28:16-28; Ezekiel 15:1-8; Acts 5:33-42; I Thess. 2:13-21; St. Luke 6:1-12

വലിയ നോമ്പ് 2017